കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 40,000/- രൂപയുടെ (നാല്പതിനായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്

സ.ഉ(സാധാ)നം. 1211/2017/തസ്വഭവ     തിരുവനന്തപുരം,തീയതി 18/04/2017

പരാമർശം : 1. ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26/04/2016 തീയതിയിലെ എ 787/2015 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 17/10/2016 തീയതിയിലെ എം3- 31451/2016 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16/02/2017 തീയതിയിലെ കെ എസ് എ 10598/പി റ്റി 3/2016 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം ഗ്രാമപഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 40,000/- രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിരുന്നു. സ.ഉ (ആർ.ടി.) നം. 825/2010/തസ്വഭവ തീയതി 11/03/2010 നമ്പർ ഉത്തരവ് പ്രകാരം, ഗ്രാമപഞ്ചായത്തുകളിൽ പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകളുടെ ഉപയോഗത്തിനായി ഐ.കെ.എം. നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷനിൽ ഉള്ള ഒരു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഗ്രാമപഞ്ചായത്ത് മുഖേന വാങ്ങി നൽകാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരാമർശിത പദ്ധതിയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി നിർദ്ദിഷ്ട മാനദണ്ഡം പാലിക്കാത്ത കമ്പ്യൂട്ടർ വാങ്ങുന്നതിനായി തുക നേരിട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയതിനാൽ ചെലവ് തുകയായ 40,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

2) ഐ.കെ.എം. സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ വാങ്ങിയാൽ ഭാവിയിൽ ഉണ്ടാകാവുന്ന മെയിന്റനൻസ്, സോഫ്റ്റ് വെയർ കമ്പാറ്റബിലിറ്റി അടക്കമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ചാണ് തുക സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ചതെന്നും കൂടാതെ 4/02/2013-ലെ സ.ഉ.(സാധാ.)നം.301/2013/തസ്വഭവ പ്രകാരം, ടി ആവശ്യത്തിനായി തുക നേരിട്ട് കോർപ്പറേഷന് അനുവദിക്കാവുന്നതാണെന്നും പരിഗണിച്ച് 40,000/- രൂപയുടെ ചെലവിന് സാധൂകരണം നൽകണമെന്ന് സൂചന ഒന്ന് കത്ത് പ്രകാരം ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഐ.കെ.എം. സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ വാങ്ങിയാൽ ഭാവിയിൽ ഉണ്ടാകാവുന്ന മെയിന്റനൻസ്, സോഫ്റ്റ് വെയർ കമ്പാറ്റബിലിറ്റി അടക്കമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

പരിഗണിച്ചാണ് തുക നേരിട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ചതെന്ന പഞ്ചായത്തിന്റെ മറുപടിയും സ.ഉ.(സാധാ.) നം.301/2013/തസ്വഭവ തീയതി 04.02.2013 പ്രകാരം ഈ ആവശ്യത്തിന് ഒരു ലക്ഷം രൂപ വരെ അനുവദിക്കാമെന്നു വ്യക്തമാക്കിയിട്ടുള്ളതിനാലും പരാമർശ ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അനുകൂല ശുപാർശയുടേയും 04/02/2013-ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിലും ഇതു സംബന്ധിച്ചുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനവും കണക്കിലെടുത്ത് ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 40,000/- രൂപയുടെ (നാല്പതിനായിരം രൂപ മാത്രം) ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ